(ഇ) ഓരോ ബ്ലോക്ക് പഞ്ചായത്തിലെയും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രി കളിൽ സ്പെഷ്യാലിറ്റി യൂണിറ്റുകളോടുകൂടി ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തു ന്നതിന് സർക്കാർ ഉത്തരവ് നമ്പർ 1669/2014/ആകവ തീയതി 26-4-2014 പ്രകാരം തെരഞ്ഞെടുത്ത 154 സ്ഥാപനങ്ങളിൽ താനൂർ സി.എച്ച്.സി.യും ഉൾപ്പെടുന്നുണ്ട്.

കയ്യൂർ പി.എച്ച്.സി.യിൽ രോഗികൾക്ക് കിടത്തി ചികിത്സ

48 (8108) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എൻഡോസൾഫാൻ ബാധിത പ്രദേശമായ കയ്യൂർ-ചീമേനി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കയ്യൂർ പി.എച്ച്.സി.-യിൽ രോഗികൾക്ക് കിടത്തി ചികിത്സ നൽകുന്നതിന് വല്ല നിർദ്ദേശങ്ങളും നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവിടെ എപ്പോൾ ഐ. പി. സംവിധാനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) നിലവിലില്ല.

തിരുവള്ളൂർ സി.എച്ച്.സി.

49 (8109) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കോഴിക്കോട് തിരുവള്ളൂർ സി.എച്ച്.സി.-യിൽ ഡോക്ടർമാരുടെ ഉൾപ്പെടെ ഏതൊക്കെ തസ്തികകളാണ് ഉള്ളതെന്നും ഓരോ തസ്തികയിലെയും ഒഴിവുകൾ എത്രയുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സി.എച്ച്.സിയിലെ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റേതെങ്കിലും ആശുപത്രികളിൽ നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാ ക്കുമോ ;

(സി) പ്രസ്തുത സി.എച്ച്.സി.-യിലെ ഏതെങ്കിലും തസ്തിക ഒഴിവാക്കി യിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവള്ളൂർ സി.എച്ച്.സി.യിലെ നിലവിലുള്ള തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു:

നമ്പർ	തസ്തിക	നിലവിലുള്ളത്	ഒഴിവുകൾ
(1)	(2)	(3)	(4)
1	സിവിൽ സർജൻ	1	...
2	അസിസ്റ്റന്റ് സർജൻ	2	1
3	ഫാർമസിസ്റ്റ്	1	...
4	സ്റ്റാഫ് നഴ്സ് ഗ്രേഡ്-I	2	...
5	സ്റ്റാഫ് നഴ്സ് ഗ്രേഡ്-II	2	...
6	ഓപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്-II	1	...
7	നഴ്സിംഗ് അസിസ്റ്റന്റ്	2	...
8	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II	2	...
9	പാർട്ട്-ടൈം സ്വീപ്പർ	1	...
10	ഡ്രൈവർ	1	...
11	ലാബ് ടെക്നീഷ്യൻ	1	...
12	ലേഡി ഹെൽത്ത് സൂപ്പർവൈസർ	1	...
13	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	1	...
14	ഹെൽത്ത് സൂപ്പർവൈസർ	1	...
15	ഹെൽത്ത് ഇൻസ്പെക്ടർ	1	...
16	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1	2	...
17	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2	2	...

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
18	ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-I	3	...
19	ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2	3	...
20	ക്ലാർക്ക്/സീനിയർ ക്ലാർക്ക്	2	...
21	ആഫീസ് അറ്റൻഡന്റ്	1	...

(ബി) ലാബ് ടെക്നീഷ്യനെ കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലേക്കും സീനിയർ ക്ലാർക്കിനെ ആഴ്ചയിൽ രണ്ടുദിവസം വടകര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്കും താൽക്കാലികമായി പുനർവിന്യസിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സി.എച്ച്.സി.യിലെ തസ്തിക ഒന്നുംതന്നെ ഒഴിവാക്കിയിട്ടില്ല.

തലശ്ശേരി മണ്ഡലത്തിലെ ജനറൽ ആശുപത്രിയിലും പി.എച്ച്.സി.കളിലും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തിക

50 (8110) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തലശ്ശേരി മണ്ഡലത്തിലെ ജനറൽ ആശുപത്രിയിലും പി.എച്ച്.സി.കളിലും നിലവിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എത്ര തസ്തികകളുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ ഓരോ ആശുപത്രികളിലും എത്ര ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 'എ' ആയി ചേർക്കുന്നു.*

(ബി) ഓരോ ആശുപത്രികളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും വിവരങ്ങൾ അനുബന്ധം 'ബി' ആയി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly